**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1619** **21.03.2012- ൽ മറുപടിക്ക്**

**സംസ്ഥാനത്തെ കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ വിശദാംശം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാർ എത്രയാണെന്ന് അറിയിക്കുമോ; കൃഷി അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൃഷി അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് സംസ്ഥാന തലത്തിൽ തയ്യാറാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) 3085 കൃഷി അസിസ്റ്റന്റുമാർ. 01.01.1998-ന ശേഷമുള്ള സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) നടപടിയെടുത്തിട്ടുണ്ട്. |
| (സി) കൃഷി വകുപ്പിലെ ടെക്നിക്കൽ സ്റ്റാഫുകൾ ആവശ്യമായ പല ഓഫീസുകളിലും അവരുടെ സേവനം ലഭിക്കുന്നില്ലെന്നും, ട്രാക്ടർ പോലുള്ള യന്ത്രസംവിധാനങ്ങൾ ഇല്ലാത്ത കൃഷി ഓഫീസുകളിൽ ചിലയിടങ്ങളിൽ അത്തരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ചോദ്യത്തിൽ പ്രതിപാദിച്ച മാതിരി നിയമനം ജില്ലാതലത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ